# വിധിയിലുള്ള വിശ്വാസം

അല്ലാഹുവിൻെറ അറിവോടു കൂടിയാണ് എല്ലാ കാര്യങ്ങളും നടക്കുന്നത്. അവൻ അറിയാത്ത ഒരു കാര്യവും ഈ ലോകത്ത് നടക്കുന്നില്ല. ഇത് നാം മനസ്സിലാക്കി യിട്ടുണ്ട്. അതു പോലെ അല്ലാഹുവിൻെറ നിശ്ചയമനുസരിച്ചാണ് എല്ലാ കാര്യങ്ങളും നടക്കുന്നത്. അവൻ നിശ്ചയിക്കാത്ത ഒരു കാര്യവും ഇവിടെ സംഭവിക്കുന്നില്ല. അതുകൊണ്ട് നമ്മുടെ ജീവിതത്തിലുണ്ടാകുന്ന സുഖകരവും ദുഃഖകരവുമായ സർവ്വ കാര്യങ്ങളും അല്ലാഹുവിൻെറ നിശ്ചയമനുസരിച്ച് വരുന്നതാണ്. ഈ വിധത്തിലാണ് നാം വിധിയിൽ വിശ്വസിക്കേണ്ടത്. വിധിയിലുള്ള വിശ്വാസം ഈമാൻ കാര്യങ്ങളിൽ പെട്ടതാണ്.

നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന കാര്യങ്ങൾ എടുത്തു നോക്കുക. നമ്മുടെ കണക്കുകൂട്ടലുകൾ പലപ്പോഴും തെറ്റിപ്പോകുന്നതായി കാണാം. സമർത്ഥനെന്ന് നാം കരുതുന്നവൻ പട്ടിണി കൊണ്ട് വലയുന്നു. സാമർത്ഥ്യം കുറഞ്ഞവനെന്ന് നാം കരുതുന്ന ആൾ ധാരാളം സമ്പാദിക്കുകയും ചെയ്യുന്നു. ഒരു പ്രായമായ മനുഷ്യൻ കട്ടിലിൽ അവശനായി കിടക്കുന്നു. ആ സന്ദർഭത്തിൽ അയാളുടെ, ആരോഗ്യവാനായ ഏകമകൻ പെട്ടെന്ന് മരിക്കുന്നു!

സുഖവും ദുഃഖവും, ഭാഗ്യവും നിർഭാഗ്യവും കലർന്നതാണ് ഈ ജീവിതം. ഇതെല്ലാം സംഭവിക്കുന്നത് ലോകപരിപാലകനായ അല്ലാഹുവിൻെറ നി ർണയമനുസരിച്ചാണ്.

അല്ലാഹുവിന് ഓരോ കാര്യത്തിലും ഓരോ യുക്തിയും ഉദ്ദേശ്യവുമുണ്ട്. അതു നമുക്ക് മനസ്സിലാകണമെന്നില്ല. സുഖവും ദുഃഖവും നൽകി അവൻ നമ്മെ പരീക്ഷിക്കുകയാവും. അതിനാൽ ഒരനുഗ്രഹം ലഭിക്കുമ്പോൾ നാം അല്ലാഹുവിനെ ഓർക്കേണ്ടതുണ്ട്. അവന് നന്ദി കാണിക്കുകയും വേണം. അതിനു വിപരീതമായി, തൻെറ സാമർത്ഥ്യം കൊണ്ടാണ് ഇത് നേടിയത് എന്നു വല്ലവനും അഹങ്കരി ക്കുകയാണെങ്കിൽ അവൻ പരീക്ഷണത്തിൽ പരാജയമടയുന്നു. അതു പോലെ ഒരു ദുഃഖം വരുമ്പോൾ വിധിയിൽ സമാധാനിച്ച് ക്ഷമ കൈകൊള്ളേണ്ടതാണ്. മറിച്ച് വല്ലവനും, നെഞ്ചിൽ അടിച്ച് നിലവിളിക്കുകയാണെങ്കിലോ? അവനും പരീക്ഷണത്തി ൽ പരാജയപ്പെടുന്നു...... സുഖവും ദുഃഖവും അല്ലാഹുവിൻെറ പരീക്ഷണമാ ണെന്ന് പറഞ്ഞുവല്ലോ. അത് കാരണം ഒരു അനുഗ്രഹം ലഭിക്കുമ്പോൾ, അല്ലാഹു

ഇപ്പോൾ തന്റെ കൂടെയാണെന്ന് ധരിക്കേണ്ടതില്ല. ഒരു ദുഃഖം വരുമ്പോൾ അല്ലാഹു തന്നെ കയ്യൊഴിച്ചിരിക്കുകയാണ് എന്നും കരുതേണ്ടതില്ല.

അല്ലാഹുവിന്റെ വിധി മുടക്കുവാനോ, തടുക്കുവാനോ ഒരു സൃഷ്ടിക്കും സാധ്യമല്ല. ഭൂലോകത്തുള്ള മുഴുവൻ മനുഷ്യരും സംഘടിച്ചുവെന്നിരിക്കട്ടെ, എന്നാലും അല്ലാഹു ഉദ്ദേശിക്കുന്ന ഒരു കാര്യം നിർത്തി വെയ്ക്കുവാൻ അവർക്ക് കഴിയുകയില്ല. അവൻ ഉദ്ദേശിക്കാത്ത ഒരു കാര്യം നടപ്പിലാക്കുവാനും അവർക്ക് കഴിയുകയില്ല.

കടപ്പാട്: കേരള നദ്‌വത്തുൽ മുജാഹിദീൻ വിദ്യഭ്യാസ ബോർഡ്